## തിരുവനന്തപുരം വനംവകുപ്പാസ്ഥാനത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

**പുറപ്പെടുവിക്കുന്നത് : സൂസൻ ഗോപി.**

വിഷയം : വനം വകുപ്പ് - ജീവനക്കാര്യം - ക്ലാർക്കുമാരെ സീനിയർ ക്ലാർക്കുമാരായി സ്ഥാനക്കയറ്റം നൽകികൊണ്ട് ഉത്തരവാകുന്നത് - സംബന്ധിച്ച്.

സൂചന :

1. സർക്കാർ ഉത്തരവ് (പി) നമ്പർ 5/89/P&ARD തീയതി 16.05.1989.
2. സർക്കാർ ഉത്തരവ് (പി) നമ്പർ 301/68/PR തീയതി 26.09.1968.
3. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 04.12.2015-ലെ ഇ5-27777/14 നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച താത്കാലിക സീനിയോറിറ്റി ലിസ്റ്റ്.
4. സീനിയോരിറ്റി വിഭാഗത്തിൽ നിന്നും ലഭിച്ച 29.08.2017-ലെ ഇ5-678/2009 നമ്പർ അനൗദ്യോഗിക കുറിപ്പ്.
5. വനം വകുപ്പാസ്ഥാനത്തിലെ സീനിയർ അഡ്മിനി-സ്ട്രേറ്റീവ് ഓഫീസറുടെ 26.08.2017-ലെ ഇ3-5444/17 നമ്പർ ഉത്തരവ്.
6. പറമ്പിക്കുളം കടുവാസങ്കേതം ഡെപ്യൂട്ടി ഡയറക്ടറുടെ 27.07.2017-ലെ ഇ-578/16 നമ്പർ കത്ത്.

### ഉത്തരവ് നമ്പർ ഇ3-3111/2017. തീയതി:07.09.2017

വനം വകുപ്പിലെ വിവിധ ഓഫീസുകളിൽനിന്നും 31.07.2017, 31.08.2017 എന്നീ തീയതികളിൽ രണ്ട് സീനിയർ ക്ലാർക്കുമാർ സർവ്വീസിൽനിന്നും വിരമിച്ചതിലൂടെ രണ്ട് ഒഴിവുകളും സൂചന 5 ഉത്തരവ് പ്രകാരം വകുപ്പിലെ വിവിധ ഓഫീസുകളിൽ സേവന മനുഷ്ഠിച്ചിരുന്ന 5 സീനിയർ ക്ലാർക്കുമാർക്ക് ഹെഡ് അക്കൗണ്ടന്റുമാരായി സ്ഥാന ക്കയറ്റം ലഭിച്ചതിലൂടെയുള്ള ഒഴിവുകളും ചേർത്ത് 7 സീനിയർ ക്ലാർക്കുമാരുടെ ഒഴിവുകൾ നിലവിൽ വരുന്നു. സൂചന മൂന്നിൽ പരാമർശിക്കുന്ന ക്ലാർക്കുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം സീനിയർ ക്ലാർക്കുമാരായി സ്ഥാനക്കയറ്റത്തിന് യോഗ്യത നേടിയ ക്ലാർക്കുമാരുടെ പേരുവിവരങ്ങൾ സൂചന നാല് പ്രകാരം ലഭിച്ചിട്ടുണ്ട്. ആയതുപ്രകാരം ലഭിച്ച പട്ടികയുടെ അടിസ്ഥാനത്തിൽ താഴെ പേരു ചേർക്കുന്ന ക്ലാർക്കുമാരെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടം 28 (ബി.ബി.ബി) പ്രകാരമുള്ള വ്യവസ്ഥകൾക്കും 10.03.2014-ലെ 524/RI/2014/P&ARD നമ്പർ

സർക്കാർ സർക്കുലർ നിർദ്ദേശങ്ങൾക്ക് വിധേയമായി 25200-650-27800- 700-29900-800-33900-1000-37500-1000-42520-1100-48000-1200-54000. രൂപ ശമ്പള സ്കെയിലിൽ അവരവരുടെ പേരിന് നേരെ കാണിച്ചിട്ടുള്ള തീയതി പ്രാബല്യത്തിൽ സീനിയർ ക്ലാർക്കുമാരായി സ്ഥനക്കയറ്റം നൽകിക്കൊണ്ട് ഉത്തരവാകുന്നു.

## Table-I

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര്, ഓഫീസ്. | സീനിയോറിറ്റി ലിസ്റ്റ് നമ്പർ | പ്രൊബേഷൻ ഡിക്ലയർ ചെയ്ത തീയതി. | ടെസ്റ്റ് യോഗ്യത നേടിയ വിവരം | പ്രാബല്യതീയതി. |
|---|---|---|---|---|---|
| 1 | നിഷ സി.കെ. സെൻട്രൽ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയം തൃശ്ശൂർ | 260 | 10.02.2012 | 26.04.2012 | 01.08.2017 |
| 2. | സുജ.സി. കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം | 261 | 04.02.2012 | 30.10.2014 | 26.08.2017 |
| 3 | മുഹമ്മദ് സബീർ.ജെ. റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം | 262 | 27.02.2012 | 03.11.2016 | 26.08.2017 |
| 4 | സന്ധ്യ.ആർ.എസ്., റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം. | 263 | 08.02.2012 | 08.04.2014 | 26.08.2017 |
| 5 | സുജ ജോസഫ്, കോട്ടയം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം. | 266 | 21.03.2012 | 26.04.2012 | 26.08.2017 |
| 6 | അഹിലേഷ്.ജെ.ജി. പറമ്പിക്കുളം, കടുവാ സങ്കേതം, ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം. | 267 | 11.03.2012 | 30.10.2014 | 26.08.2017 |
| 7 | സ്വാതി സുരേഷ്, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ത്തിന്റെ കാര്യാലയം. | 268 | 04.03.2012 | 03.11.2016 | 01.09.2017 |

ക്രമനമ്പർ 6-ലെ അഹിലേഷ് ജെ.ജി.യ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നമുറയ്ക്ക് തിരുവനന്തപുരം ജില്ലയിൽ നിയമനം നൽകണമെന്നുള്ള അപേക്ഷ സൂചന (6) പ്രകാരം മേലധികാരിയുടെ ശുപാർശ സഹിതം സമർപ്പിച്ചിട്ടുണ്ട്. ആയതു പരിഗണിച്ചുകൊണ്ട് തിരുവനന്തപുരം വനം വകുപ്പാസ്ഥാനത്ത് നിലവിലുള്ള ഒഴിവിൽ തസ്തിക ഉയർത്തി സീനിയർ ക്ലാർക്കായി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

മുകളിൽ പരാമർശിച്ചിട്ടുള്ള ജീവനക്കാർ സൂചന രണ്ടിലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാൻമാർ ഇപ്പോൾ ജോലി ചെയ്യുന്ന ഓഫീസുകളിലെ ക്ലാർക്ക് തസ്തികകൾ സീനിയർ ക്ലാർക്ക് തസ്തികകളായി ഉയർത്തി അതാത് ഓഫീസുകളിൽ തുടരുവാൻ അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

മുകളിൽ വ്യക്തമാക്കിയപ്രകാരം 7 ക്ലാർക്കു തസ്തികകൾ സീനിയർ ക്ലാർക്ക് തസ്തികകളായി ഉയർത്തിയതിനെ തുടർന്ന് താഴെപറയുന്ന ഓഫീസുകളിലെ സീനിയർ ക്ലാർക്കുമാരുടെ 7 തസ്തികകകൾ ക്ലാർക്ക് തസ്തികകളായി താഴ്ത്തിക്കൊണ്ട് ഉത്തരവാകുന്നു.

Table-II

| ക്രമ നം | ഓഫീസിന്റെ പേര് | തസ്തികയുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | അരിപ്പ സ്റ്റേറ്റ് ഫോറസ്റ്റ് ഇൻസിറ്റ്യൂട്ട് ഡയറക്ടറുടെ കാര്യാലയം. | 1 | ഒരു സീനിയർ ക്ലാർക്ക് വിരമിച്ചത് മൂലമുണ്ടായ ഒഴിവ്. |
| 2 | സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയം കൊല്ലം. | 1 | ഒരു ക്ലാർക്കിന് സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിയതുമൂലമുള്ള ഒഴിവ്. |
| 3 | നിലമ്പൂർ നോർത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം. | 1 | ഒരു ക്ലാർക്കിന് സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിയതുമൂലമുള്ള ഒഴിവ്. |
| 4 | നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയം, കണ്ണൂർ | 1 | ഒരു ക്ലാർക്കിന് സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിയതുമൂലമുള്ള ഒഴിവ്. |
| 5 | ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷൻ, ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം ഇടുക്കി. | 1 | ഒരു സീനിയർ ക്ലാർക്ക് വിരമിച്ചത് മൂലമുണ്ടായ ഒഴിവ്. |

| | | | |
|---|---|---|---|
| 6 | മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം | 1 | ഒരു ക്ലാർക്കിന് സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിയതുമൂലമുള്ള ഒഴിവ് |
| 7. | ടിമ്പർ സെയിൽസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം തിരുവനന്തപുരം. | 1 | ഒരു ക്ലാർക്കിന് സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിയതുമൂലമുള്ള ഒഴിവ് |

മുകളിൽ വ്യക്തമാക്കിയതുപ്രകാരം നിലവിൽ വരുന്ന 7 ക്ലാർക്കുമാരുടെ ഒഴിവുകൾ ബന്ധപ്പെട്ട നിയമനാധികാരികൾ യഥാസമയം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ടു ചെയ്യേണ്ടതാണ്. എന്നാൽ 2017 കലണ്ടർ വർഷത്തിൽ ഉണ്ടായേക്കാവുന്ന പ്രതീക്ഷിത ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം നിയമനം നടത്തുന്നതിന് മുൻപിനാലെ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളും സമാശ്വാസ തൊഴിൽ ദാന പദ്ധതിപ്രകാരം നിയമനം, തസ്തികമാറ്റം വഴി ക്ലാർക്കായുള്ള നിയമനം എന്നിവയ്ക്കായ് മാറ്റിവെയ്ക്കണമെന്ന് വനം വകുപ്പാസ്ഥാനത്തിൽ നിന്നും നിർദ്ദേശിച്ചിട്ടുള്ള ഒഴിവുകളും കഴിച്ച് ബാക്കിയുള്ള ഒഴിവുകൾ മാത്രമേ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ടതുള്ളുവെന്നും ഉത്തരവാകുന്നു.

സൂസൻ ഗോപി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.

വ്യക്തികൾക്ക് മേലധികാരി മുഖാന്തിരം.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ.
എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ മാർക്കും/
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും. /
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം.ഐ.എസ്) ന് ഡിപ്പാർട്ട്മെന്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.
എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും.
എല്ലാ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.
എല്ലാ വൈൽഡ് ലൈഫ് വാർഡൻമാർക്കും / വർക്കിംഗ് പ്ലാൻ ഓഫീസർമാർക്കും.
എല്ലാ റെയ്ഞ്ച് ഫോറസ്റ്റാഫീസർമാർക്കും.
ഇ3-സെക്ഷൻ/ എച്ച് സെക്ഷൻ/ സ്റ്റോക്ക് ഫയൽ.